# ചെണ്ടുമല്ലി വാടാമല്ലി ചെടികളുടെ പരിചരണം

ഓണവിപണിയെ ലക്ഷ്യമാക്കി കൃഷി ചെയ്യാവുന്ന പൂക്കളാണ് ചെണ്ടുമല്ലി, വാടാമല്ലി, കോഴിവാലൻ എന്നിവ. ചെണ്ടുമല്ലി പല നിറങ്ങളിൽ ലഭ്യമാണ്. കടും ഓറഞ്ച്, നല്ല മഞ്ഞ, സ്വർണ നിറത്തോട് കൂടിയ മഞ്ഞ, വെള്ള എന്നീ നിറങ്ങളിലുള്ള ചെണ്ടുമല്ലി ഇനങ്ങളുണ്ട്. ഡബിൾ ഓറഞ്ച് , ഭഗവതി, റോയൽ ഓറഞ്ച്, പുസനരംഗി ഗൈന്ത, അർക്ക അഗ്നി, ഹവായ് ഓറഞ്ച്, ഭുവന, മരിയ , രൂപ എന്നിവയ്ക്ക് കടും ഓറഞ്ച് നിറമുള്ള പൂക്കളാണ് . പുസ ബസന്തി ഗൈന്ത, അർക്ക ബംഗാറ , സക്കൂറ - 31 , ഡബിൾ യെല്ലോ എന്നിവയ്ക്ക് മഞ്ഞ നിറത്തിലുള്ള പൂക്കളാണ്. വാനില ഐസ്, ആഫ്രിക്കൻ ഐവറി, ഫ്രഞ്ച് വാനില ഹൈബ്രിഡ്, എഫ് 2 വൈറ്റ് എന്നിവ വെളുത്ത പൂക്കളുണ്ടാവുന്ന ഇനങ്ങളാണ്. വിപണിയിൽ ഓറഞ്ച്, മഞ്ഞ, വെള്ള എന്നിവയുടെ ആവശ്യകത നോക്കി ഇനങ്ങൾ തെരഞ്ഞെടുക്കാം.

ചെണ്ടുമല്ലി, വാടാമല്ലി, കോഴിവാലൻ, എന്നീ പൂക്കളുടെ വിത്തുകൾ പ്രോട്രേയിൽ ചകിരി ചോർ കമ്പോസ്റ്റും പെർലൈറ്റും 3 :1 എന്ന അനുപാതത്തിൽ ചേർത്ത് കലർത്തിയ മിശ്രിതത്തിലാണ് പാകേണ്ടത്. ചകിരിച്ചോർ കമ്പോസ്റ്റ് കഴുകിയെടുക്കുന്നതു നല്ലതാണ്. ഒരു സെന്ററിലേക്ക് 2 -3 ഗ്രാം വിത്ത് വേണ്ടിവരും. പ്രോട്രേയിലെ ഓരോ അറകളിലും രണ്ടോ മൂന്നോ വിത്തുകൾ വീതം ഇടുക. എല്ലാ തൈകളും മുളയ്ക്കുകയാണെങ്കിൽ, മുളച്ച് അഞ്ചു ദിവസം കഴിയുമ്പോൾ, ഒരു അറയിൽ ഒരു തൈ മാത്രം നിർത്തി ബാക്കിയുള്ളവ വേറൊരു പ്രോട്രേയിലേക്ക് പറിച്ചു നടുക. വിത്ത് മുളച്ച് പത്തു ദിവസമാകുമ്പോൾ 30 :10 :10 എന്ന രാസവളം ഒരു ലിറ്റർ വെള്ളത്തിൽ 500 മി.ഗ്രാം എന്ന തോതിൽ കലക്കി ഒഴിച്ച് കൊടുക്കണം. ഒരാഴ്ച കൂടി കഴിയുമ്പോൾ വളത്തിന്റെ തോത് തൈകൾക്ക് , 30 :10

:10 എന്ന രാസവളം ഒരു ലിറ്റർ വെള്ളത്തിൽ ഒരു ഗ്രാം (1 gm ) എന്ന തോതിൽ കലക്കി ഒഴിച്ചുകൊടുക്കുക. വീണ്ടും ഒരാഴ്ച്ച കഴിയുമ്പോൾ വളത്തിന്റെ തോത്, ഒരു ലിറ്റർ വെള്ളത്തിൽ 2 ഗ്രാം ആക്കി കൂട്ടി ഒഴിച്ചുകൊടുക്കുക. ചെണ്ടുമല്ലി, കോഴിവാലൻ എന്നീ ചെടികൾ വിത്തിട്ട് മുപ്പത് ദിവസമാകുമ്പോൾ തൈകൾ പറിച്ചുനടാൻ തയ്യാറാകുന്നു. അതേസമയം വാടാമല്ലി പറിച്ചു നടാൻ ചുരുങ്ങിയത് നാൽപതു ദിവസമെങ്കിലും വേണ്ടി വരും.

ചെണ്ടുമല്ലി , വാടാമല്ലി, എന്നിവയുടെ തൈകൾ നടുന്നതിനായി ഒരടി വീതിയും ഒരടി താഴ്ചയും ഉള്ള ചാലുകൾ എടുക്കുക. ഒരു സെന്റിന് 2 -3 കി.ഗ്രാം കുമ്മായം ചേർത്ത് കൊടുക്കുക. സെന്റൊന്നിന് 80 കി.ഗ്രാം ചാണകപ്പൊടി അല്ലെങ്കിൽ 40 കിഗ്രാം കോഴിക്കാഷ്ഠം ചാലുകളിൽ ചേർത്ത് ഇളക്കുക. ചാലിൽ ഒന്നര അടി അകലത്തിൽ തൈകൾ നടുക. നടുമ്പോൾ ഓരോ തൈയ്ക്കും 5 ഗ്രാം വീതം ട്രൈക്കോഡെർമ ചേർത്ത് കൊടുക്കുന്നത് രോഗ പ്രതിരോധ ശേഷി നൽകുന്നു. നട്ട് രണ്ടാഴ്ച്ച കഴിയുമ്പോൾ തലപ്പ് ഒരു സെന്റിമീറ്റർ നീളത്തിൽ നുള്ളി കളയുക. സ്യൂഡോമോണാസ് 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി, തെളിയെടുത്ത് ചെടികൾക്ക് തളിച്ചു കൊടുക്കുക. അടിവളമായി സെന്റൊന്നിന് 1 .2 കി.ഗ്രാം ഫാക്റ്റം ഫോസും 400 ഗ്രാം യൂറിയയും 200 ഗ്രാം പൊട്ടാഷും കൊടുക്കുക . നട്ട് ഒരു മാസം കഴിയുമ്പോൾ ഒരു സെന്റിലേക്ക് 1 കി.ഗ്രാം യൂറിയയും 200 ഗ്രാം പൊട്ടാഷും കലർത്തി എല്ലാ ചെടികൾക്കും ഒരു പോലെയിട്ട് മണ്ണ് കയറ്റി കൊടുക്കുക.

പൂമൊട്ടുകൾ വന്ന് തുടങ്ങുമ്പോൾ ചെടികൾക്ക് സമീപം കുറ്റിയടിച്ച് കെട്ടി കൊടുക്കണം. പൂമൊട്ട് തിന്നുന്ന പുഴുക്കളുണ്ടെങ്കിൽ 20 ഗ്രാം ബ്യുവേറിയ ബാസിയാന എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി ,

അഞ്ച് മില്ലി ലിറ്റർ സോപ്പ് ലായനി കൂടി ചേർത്ത് തളിച്ച് കൊടുക്കുക. പുഴു ശല്യം വളരെ കൂടുതലാണെങ്കിൽ കൊറാജെൻ എന്ന കീടനാശിനി ഒരു മില്ലി ലിറ്റർ 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിലെടുത്ത് പശ ചേർത്ത് (1/2 മില്ലി ലിറ്റർ ക്രോപ് വിറ്റ്/ അഗ്രിവൈറ്റ് ഒരു ലിറ്റർ വെള്ളത്തിൽ) തളിച്ച് കൊടുക്കുക. വാടാമല്ലി ചെടികളിൽ പൂമൊട്ടുകൾ തിന്നുന്ന പൂക്കളുടെ ആക്രമണം കാണാറില്ല .

പൂമൊട്ടുകളുടെ എണ്ണം കുറവാണെങ്കിൽ 19 :19 :19 എന്ന വളം 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ച് കൊടുക്കുക. കൃഷി സ്ഥലത്ത് വെള്ളം കെട്ടി നിൽക്കാതെ ശ്രദ്ധിക്കണം .

ഡോ ശ്രീലത യു, പ്രൊഫസർ ആൻഡ് ഹെഡ്, ഡിപ്പാർട്മെൻറ് ഓഫ് ഫ്ലോറിക്കൾച്ചർ ആൻഡ് ലാൻഡ്സ്കേപ്പ് ആർക്കിടെക്ചർ, കോളേജ് ഓഫ് അഗ്രികൾച്ചർ, വെള്ളാനിക്കര

ഡോ രശ്മി പോൾ, അസിസ്റ്റൻഡ് പ്രൊഫസർ, ഡിപ്പാർട്മെൻറ് ഓഫ് ഫ്ലോറിക്കൾച്ചർ ആൻഡ് ലാൻഡ്സ്കേപ്പ് ആർക്കിടെക്ചർ, കോളേജ് ഓഫ് അഗ്രികൾച്ചർ, വെള്ളാനിക്കര